ZERO WASTE SCHOOL

ആധുനിക സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്ക്കരണം.

ശുചിത്വം എന്റെ അവകാശമാണ്, കടമയാണ് എന്ന ബോധ്യത്തോടുകൂടി ചെമ്പണ്ടാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളിൽ സദാ ഭാഗഭാക്കായിരിക്കുന്നു.

മാലിന്യരഹിത സ്കൂൾ അന്തരീക്ഷം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി വിവിധ കർമപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ട്.

ആതുരാലയങ്ങൾ, ഗ്രാമവീഥികൾ, സ്കൂൾ പരിസരം, ക്ലാസ് മുറികൾ എന്നിവ ശുചിയാക്കുന്നതിനോടൊപ്പം, അവയുടെ വീടും പരിസരവും വൃത്തിയാക്കുവാനുള്ള തല്പരത ജനിപ്പിക്കുന്നതിനും പ്ലാസ്റ്റിക് നിർമിത വസ്തുക്കൾ ഒഴിവാക്കുന്നതിനും സീറോ വേസ്റ്റ് പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

ഏറ്റവും നന്നായി ക്ലാസ് മുറികളും പരിസരവും വൃത്തിയാക്കുന്ന എൽ.പി.യു.പി.,എച്ച്.എസ്., എച്ച്.എസ്.എസ്. ക്ലാസുകളെ അസംബ്ലിയിൽ ആശംസിക്കുകയും ട്രോഫികൾ നൽകുകയും ചെയ്യുന്നു.

ചരിത്രാന്വേഷണവും, ശാസ്ത്രബോധവും വളർത്താൻ സോഷ്യൽ സയൻസ് ക്ലബ്

യുദ്ധം സർവ്വനാശംഹാകം, യുദ്ധമില്ലാത്ത ലോകം ഞങ്ങളുടെ സ്വപ്നം.

ഇന്നലെകളുടെ വെളിച്ചം മനുഷ്യന്റെ വഴികാട്ടിയായി മാറണം. താൻ ഉൾക്കൊള്ളുന്ന സമൂഹത്തെ കൂടുതൽ തികച്ചു ഒരു നാളെയിലേയ്ക്ക് നയിക്കുന്ന അന്വേഷണാത്മകമായ പ്രവർത്തനമാണല്ലോ ചരിത്രനിർമിതി. ഈ ചരിത്രനിർമിതിയ്ക്ക് സഹായകരമായ വിധത്തിൽ വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ ശൈലിയിലാണ് സെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്.

പൗരബോധം സൃഷ്ടിക്കുക, ഉയർന്ന ദേശീയബോധം വളർത്തുക, സാംസ്കാരികത്തനിമ തിരിച്ചറിയുക, സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടുക, സ്വാശ്രയത്വം ഊട്ടിവളർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ക്ലബ്ബ് പ്രവർത്തിക്കുന്നു. ദേശീയപ്രാധാന്യമുള്ള വിവിധ ദിനാചരണങ്ങൾ, സർവ്വേ, സംവാദം, അഭിമുഖം, പഠനയാത്രകൾ, വാർത്താക്വിസ്, ആൽബം, ശേഖരണം, ചരിത്ര ക്വിസ്, ചുവർപത്രികകൾ, ബുള്ളറ്റിൻ ബോർഡ് തുടങ്ങിയ ഒട്ടേറെ പുതുമയാർന്നതും വ്യത്യസ്തവുമായ പ്രവർത്തനങ്ങളിലൂടെ സോഷ്യൽ സയൻസ് ക്ലബ് മുന്നേറിക്കൊണ്ടിരിക്കുന്നു.

ബേസിക് ഹൺഡ്രഡ്

'വരൂ, ചോദിക്കൂ, എന്തറിയണം? ഞാൻ പറയാം - നമ്മുടെ രാജ്യം? മുഖ്യമന്ത്രി ? പ്രധാനമന്ത്രി ? രാഷ്ട്രപതി?? വിഷയം എന്തുമാകട്ടെ ശാസ്ത്രം, ചരിത്രം,ഗണിതം, മാതൃഭാഷ, സാമൂഹികഭാഷ ഉത്തരം പറയാൻ ഞങ്ങൾ റെഡി. ഇത് ചെമ്പണ്ടാറിലെ കുട്ടികളുടെ കൈമുദ്രം. അതെ, തെരഞ്ഞെടുത്ത 100 ചോദ്യങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഉത്തരം പറയാൻ തയ്യാറായിരിക്കുന്നു. ചെമ്പണ്ടാർ സെന്റ് സേവ്യേഴ്സ് ഹയർസെക്കൻഡറി സ്കൂളിലെ കുട്ടികൾ. 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കാണ് അടിസ്ഥാന വിവരങ്ങളടങ്ങിയ 100 പൊതുവിജ്ഞാന ചോദ്യങ്ങൾ നൽകിയിരിക്കുന്നത്.

ഡി.സി.എൽ. അംഗീകാരം

ദീപിക ബാലസഖ്യത്തിന്റെ (ഡി.സി.എൽ.) ഹൈറേഞ്ച് പ്രവിശ്യയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളിൽ ഏറ്റവും നല്ല പ്രവർത്തനത്തിന് ബോധത്തെ ഐ.ക്യു സ്കൂളായി ചെമ്പണ്ടാർ സെന്റ് സേവ്യേഴ്സ് തെരഞ്ഞെടുക്കപ്പെട്ടു. ഓഗസ്റ്റ് 14-ാം തീയതി നെടുംകണ്ടത്തുവച്ച് നടന്ന ഇടുക്കി പ്രവിശ്യാ ഉദ്ഘാടന ചടങ്ങിൽ വച്ച് ഇടുക്കി രൂപതാ വിദ്യാഭ്യാസ സെക്രട്ടറി റവ.ഫാ. ജോസ് കരിവേലിക്കൽ അവാർഡ് ദാനം നിർവഹിച്ചു. ബാലാ ഡയറക്ടർ ബെറ്റി സി.മാത്യുവും ബാലാ ഭാരവാഹികളും ചേർന്ന് ട്രോഫി ഏറ്റുവാങ്ങി.

ഭാഷാ പഠനത്തിനും ഇന്റർനെറ്റ്

മലയാള ഭാഷാപഠനത്തിനും കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ തുടങ്ങി. ഐ.റ്റി.സ്കൂളിന്റെ സഹായത്തോടെ നടപ്പാക്കിവരുന്ന സ്കൂൾ വിജ്ഞാനകോശമായ "സ്കൂൾ വിക്കി"യാണ് ഭാഷാപഠനം എളുപ്പമാക്കിയത്. "സ്കൂൾവിക്കി"യിൽ നിന്നും പ്രോജക്ടിനും സെമിനാറിനും മറ്റും ആവശ്യമായ വിവരങ്ങൾ കുട്ടികൾ ശേഖരിക്കുന്നു. ഇംഗ്ലീഷിൽ ആയിരുന്നു ഇത്രയും കാലം എൻസൈക്ലോപീഡിയായിൽ വിവരങ്ങൾ നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ മലയാളത്തിൽ ലഭ്യമായതോടെ കുട്ടികൾക്ക് വളരെ സൗകര്യമായി. സ്കൂളിലെ എൽ.പി.മുതൽ എച്ച്.എസ്.എസ്.വരെയുള്ള 1500 ഓളം കുട്ടികൾ ഇപ്പോൾ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം പ്രയോജനപ്പെടുത്തുന്നു. 3 കമ്പ്യൂട്ടർ ലാബുകളിലായി 30 ഓളം കമ്പ്യൂട്ടറുകളുണ്ട്.

വിദ്യാഭ്യാസം പഠനയാത്രകളിലൂടെ

പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് പഠനയാത്രകൾ ഏറെ സഹായകരമാണ്. കുട്ടികളുടെ മാനസിക പ്രവർത്തനങ്ങളെ ഉദ്ദീപിപ്പിച്ച് പാഠ്യേതര പ്രവർത്തനങ്ങളെ സജീവമാക്കുകയാണ് പഠനയാത്രകളുടെ ലക്ഷ്യം.

മാനസികോല്ലാസത്തിനും അതിലുപരിയായി കുട്ടികളുടെ അന്വേഷണത്തിലൂടെ ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, മൂന്നാർ, കുത്തുങ്കൽ, രാമക്കൽമേട് തുടങ്ങിയ സ്ഥലങ്ങളിലേക്കു നടത്തിയ പഠനയാത്രകൾ സഹായകരമായി.

കേരളത്തിലെ വൈദ്യുതി ദ്രോതസ്സുകളെക്കുറിച്ചു പഠിക്കുമ്പോൾ തന്നെ, സ്വകാര്യമേഖലയിലെ ആദ്യത്തെ ജലവൈദ്യുതപദ്ധതിയായ കുത്തുങ്കൽ, കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന രാമക്കൽമേട് എന്നീ സ്ഥലങ്ങളിലേക്കു നടത്തിയ യാത്രകൾ അവരുടെ പഠനത്തെ ഏറെ സ്വാധീനിച്ചു.

അദ്ധ്യാപക - രക്ഷാകർതൃ - വിദ്യാർത്ഥിബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും സജീവമാക്കുന്നതിനുമായി, അധ്യാപകരും രക്ഷകർത്താക്കളും വിദ്യാർത്ഥികളും അടങ്ങുന്ന ഒരു പ്രത്യേക പഠനയാത്ര ചെമ്പണ്ടാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നു നടത്തുകയുണ്ടായി.

മന്ത്രകോടി

കഥ

ശ്രീമിലി വേലായുധൻ

മുള്ള് പൂത്തോ എന്നറിയാൻ അവൾ പതിയെ മുറ്റത്തേക്കിറങ്ങി. സമയം അഞ്ചായതേയുള്ളൂ. ഇരുട്ടിന്റെ കാഠിന്യം കുറഞ്ഞിട്ടില്ല. ഇന്ന് 29 പെയ്യുമോ? അരുത് ഇന്ന് പെയ്യരുത്. ഇന്നെന്റെ കല്യാണമാണ്. അവൾ സ്വയം പറഞ്ഞു. അതെ ഇന്നെന്റെ കല്യാണമാണ്. ഇന്നലെ പറഞ്ഞുറപ്പിച്ചതു പോലെ മുള്ള് ഒരു പൂ തന്നിട്ടുണ്ട്.

"സമയം എഴായി, കുട്ടി പോയി കുളിച്ചോളൂ". അമ്മയുടെ ശബ്ദമാണ്. കരിപുകഞ്ഞ അടുക്കളയിൽ നിന്നും തൊടിയിലെ കുളത്തിലേക്ക് അവൾ പതുക്കെ നടന്നു. ഇന്നെന്റെ കല്യാണമാണ്. അവൾ തന്റെ മനസിനെ വിശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. കുളിയ്ക്കാൻ അധികം സമയമെടുത്തു. ഇനി ഈ കുളത്തിൽ കുളിക്കാൻ പറ്റിയില്ലെങ്കിലോ? ചെമ്പയുടെ മോൾ വന്നു വിളിച്ചപ്പോഴാണ് കുളത്തിൽ നിന്നു കയറിയത്.

വൈകിയതിന് അമ്മയുടെ ശകാരം കുറേ കേൾക്കേണ്ടി വന്നു. തന്റെ പഴയ പെട്ടി തുറന്നു. അതിലാകെ നാലു സാരികൾ. അതിൽ കൊള്ളാവുന്ന ഒരു സാരിയെടുത്തു. നിറംകെട്ടിയ ഒരു പഴയ സാരി. നീണ്ട മുടിയുള്ളത് നന്നായി. ബ്ലൗസ് പിഞ്ചിയത് ആരും കാണില്ലല്ലോ. ചെറുക്കൻ വരുമ്പോൾ മന്ത്രകോടി തരുമായിരിക്കും. അതാണല്ലോ പതിവ്. പതിവനുസരിച്ചാണോ ഈ കല്യാണം?

"ഇതെന്തു വേഷാ കുട്ടേ?" അവൾ തിരിഞ്ഞു നോക്കി. ഭംഗിയേടത്തിയാണ്. "എന്റെ കൂടെ വരൂ, മറ്റൊരു സാരി തരാം". അവൾ അവരുടെ പിന്നാലെ നടന്നു. ഇളംപച്ച സാരിയാണ് കിട്ടിയത്. അതുടുത്ത് ചെറുക്കൻ കൂട്ടർ വരുന്നത് കാത്ത് അവളിരുന്നു.

മുഹൂർത്തം കഴിഞ്ഞ് ഒരു മണിക്കൂർ കഴിഞ്ഞിട്ടും അവർ എത്തിയില്ല. എല്ലാവർക്കും മുഷിഞ്ഞു തുടങ്ങിയിരുന്നു. "സദ്യ തുടങ്ങിയാലോ?" കൂട്ടമാവണമാണ്. "താലി കെട്ടാതെങ്ങനാ?" അമ്മയാണ്. "സാരമില്ല. ചെറുക്കൻ വരുമ്പോൾ വരട്ടെ". അങ്ങനെ സദ്യ ആരംഭിച്ചു.

"കുടുൻതായരെ അവര് വരുന്നുണ്ട്". ശങ്കരേട്ടൻ പറഞ്ഞു. പന്തലിൽ തിക്കും തിരക്കും ആരംഭിച്ചു. "നിലവിളക്കെവിടെ, മാല ഇങ്ങെടുക്കൂ".

ചെറുക്കൻ വന്നു. മുഹൂർത്തം കഴിഞ്ഞതുകൊണ്ട് അധികം പരിഭ്രമമുണ്ടായില്ല. താലി കഴുത്തിൽ വീഴുന്നതിന്ന് അവൾ മുഖമുയർത്തി. ആളെ ആദ്യമായിട്ടാണ് കാണുന്നത്. മുഹൂർത്തം തല്ലതാണോ എന്നറിയില്ല. കൊട്ടും കുരവയുമില്ല. കൈപിടിച്ചു തരാൻ അച്ഛനുമില്ല. എങ്കിലും വിവാഹം നടന്നു. അമ്മയുടെ അനുഗ്രഹം വാങ്ങിച്ചു. സദ്യയുണ്ടുവാൻ നിന്നില്ല. സമയം പോകുമല്ലോ!

തിരിച്ചിറങ്ങുമ്പോഴാണ് കേട്ടത് "ദൈവമേ നിലവിളക്കു കത്തിച്ചില്ല" അവൾക്കു ചിരി വന്നു. ചെറുക്കൻ അവളെ നോക്കി. അയാളും ചിരിച്ചു. ജീവിതം ഒരു വലിയ തമാശയാണ്. സുരംഗലിയായി പടിയിറങ്ങുമ്പോൾ അവൾ വീണ്ടും ചിരിച്ചു. തന്റെ സൗഭാഗ്യമോർത്ത്, തെളിക്കാൻ ബാക്കിവച്ച നിലവിളക്കിനെയോർത്ത്, കടം വാങ്ങിയുടുത്ത മന്ത്രകോടിയെയോർത്ത്.

അറിവിന്റെ നിറവിന് പൊൻതിളക്കം നൽകാൻ വിദ്യാരംഗം കലാസാഹിത്യവേദി

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ "എഴുത്തുകൂട്ടം - വായനാക്കൂട്ടം" കർമപദ്ധതി സെന്റ് സേവ്യേഴ്സ് ഹയർ സെക്കന്ററി സ്കൂളിൽ ആരംഭിച്ചു. അറിവിന്റെ നിറവിൽ പൊൻതിളക്കമാകാൻ വെമ്പുന്ന കൊച്ചുപ്രതിഭകളെ ഈ പദ്ധതിയിലൂടെ കണ്ടെത്തുകയും ആ പ്രതിഭകൾ വിവിധ വർണ്ണ - ചിത്ര - ചെറുശേഖരങ്ങളിൽ വിജയികളായി സെന്റ് സേവ്യേഴ്സിന്റെ മുഖങ്ങളുയർത്തിയുമുകയും ചെയ്തു.

അറിവ് ക്ലാസ്മുറികളിലെ പുസ്തകപഠനങ്ങളിൽ മാത്രമൊതുങ്ങാതെ, കുട്ടികളിൽ സാഹിത്യാഭിരുചിയും ഭാഷാസ്നേഹവും വളർത്തേണ്ടതുണ്ട്. ഈ വളർച്ചയ്ക്ക് വിദ്യാരംഗം - കലാസാഹിത്യവേദിയും, എഴുത്തുകൂട്ടം - വായനാക്കൂട്ടം പദ്ധതിയും വളരെയേറെ പ്രയോജനപ്പെടുന്നു.

സേവന നിരതരായ ജൂണിയർ റെഡ്ക്രോസ്

ആരോഗ്യ സമാധാനവും വിദ്യുതയും ജീവകാരുണ്യപ്രവർത്തനങ്ങളും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ജെ.ആർ.സി.സെന്റ് സേവ്യേഴ്സിൽ സജീവസാന്നിധ്യമാണ്. ആരോഗ്യകരവും സേവനനിരതവും ജീവകാരുണ്യപരവും സമാധാനപൂർണ്ണവുമായ ഒരു ഭാവി ജീവിതം നയിക്കുവാൻ ജെ.ആർ.സിയിൽ പ്രവർത്തിക്കുന്നവർക്ക് കഴിയും. ഫസ്റ്റ് എയ്ഡ്, ട്രാഫിക് റൂൾസ്, പൗരധർമം, പരിസ്ഥിതിസംരക്ഷണം എന്നിവിഷയങ്ങളിൽ ഈ സംഘടന പരിശീലനം നൽകുന്നു. പുകവലി മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരായി വ്യാപകമായ ബോധവത്കരണവും പ്രചാരണവും നടത്തുന്നതിൽ ജെ.ആർ.സി.കർമനിരതരാണ്.

God Made Man,
We Make him Gentleman !!

St. Mary's Central School
(Affiliated to CBSE, Delhi)
Arivilamchal P.O., Rajakumary
Idukki Dt, Kerala
Phone 04868 243360

OUR SPECIALITIES

- Excellent facilities for education
- Well-qualified teachers
- Personal care to each Student
- Counselling cell for Students
- School-Bus Service to all areas
- Strict Discipline and Periodical-terminal tests
- Personality development and leadership training
- Special care for weak Students.

ഒരു ദശാബ്ദത്തെ
വിശ്വസ്ത സ്ഥാപനം.....

Kavitha
CATERING SERVICE & DECORATION

Padinjarekavala, Nedumkandom
Ph: 04868 234063 (O),
Mob: 9447431951, 9446823869,

ഞങ്ങളുടെ മറ്റൊരു സ്ഥാപനം
കട്ടപ്പന - ഫോൺ:9447825203

ബ്രദേഴ്സ് എന്റർപ്രൈസസ്
(ലിച്ചേഴ്സ് സൊസൈറ്റിക്ക് സമീപം-കട്ടപ്പന)

- പേപ്പർമാർട്ട്
- ഓഫീസ് സ്റ്റേഷനറി
- നോട്ടുബുക്കുകൾ
- ക്രാഫ്റ്റ് മെറ്റീരിയൽസ്
- ടിഫിൻ ബോക്സ്
- സ്കൂൾ ബാഗുകൾ etc.
- ഫോട്ടോസ്റ്റാറ്റ്
- ഇന്റർനെറ്റ്
- ഡി.റ്റി.പി., ഫാക്സ്

പാസ്പോർട്ട്
ഓൺലൈൻ രജിസ്ട്രേഷൻ
സർവ്വീസ്
കൺസൾട്ടൻസി
ഇംഗ്ലീഷ്
കൺസൾട്ടൻസി

സർക്കാർ ജീവനക്കാരുടെയും
അധ്യാപകരുടെയും സർവ്വീസ്,
പെൻഷൻ സംബന്ധിച്ച എല്ലാവിധ ജോലികളും
ചെയ്തുകൊടുക്കുന്നു.